പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 680. 28.09.2016-ൽ മറുപടിക്ക്.

## ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സി.ജോസഫ്<br>,, കെ.മുരളീധരൻ<br>,, അൻവർ സാദത്ത്<br>,, വി.ഡി.സതീശൻ | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) ഇതരസംസ്ഥാന തൊഴിലാളികൾക്ക് ഏർപ്പെടുത്തുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ; | (എ) ഇതര സംസ്ഥാന തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതിനും വിവരശേഖരണം, രജിസ്ട്രേഷൻ, ആരോഗ്യ പരിപാലനം എന്നിവ ഉറപ്പാക്കുന്നതിനുമായി തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ മാതൃകയിൽ ഒരു ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്. സർക്കാർ ആശുപത്രിയിൽ 15,000/- രൂപ വരെ കിടത്തി ചികിത്സയ്ക്കുള്ള ചിലവ് ഈ പദ്ധതി വിഭാവനം ചെയ്യുന്നു. പദ്ധതിയുടെ പ്രാരംഭ നടപടികളുടെ ഭാഗമായി ഐ.ടി. മിഷൻ, ചിയാക്ക്, അക്ഷയ, യു.ഐ.ഡി എന്നീ സർക്കാർ ഏജൻസികളുമായും ആരോഗ്യം, ആഭ്യന്തരം, റവന്യൂ, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ടും അവലോകന യോഗങ്ങൾ നടന്നു വരുന്നു. വിവരശേഖരണം നടത്തുന്ന ഏജൻസി, ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയർ, ഇൻഷ്വറൻസ് കമ്പനി, പ്രീമിയം, തിരിച്ചറിയൽ കാർഡ് നിർമ്മാണം, പ്രിന്റിംഗ് എന്നിവ ഓപ്പൺ ടെൻഡർ മുഖേന നിശ്ചയിക്കുന്നതാണ്. ആയതിനു ശേഷം വിവരശേഖരണവും ഇൻഷ്വറൻസ് ലിങ്ക്ഡ് തിരിച്ചറിയൽ കാർഡ് നൽകൽ എന്നിവ ഒരുമിച്ച് നടത്തുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | ഈ വർഷം എത്ര ഇതരസംസ്ഥാന തൊഴിലാളികളെയാണ് ഈ സ്കീമിന്റെ കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | അഞ്ച് ലക്ഷം പേരെയാണ് സ്കീമിന്റെ കീഴിൽ കൊണ്ട് വരാൻ പ്രാഥമികമായി ഉദ്ദേശിക്കുന്നത്. |
| (സി) | ഇൻഷുറൻസ് ഇല്ലാതെ ഇതരസംസ്ഥാന തൊഴിലാളികളെ പണി എടുപ്പിക്കുന്ന തൊഴിലുടമയ്ക്ക് പിഴ ഏർപ്പെടുത്തുവാൻ ഉദ്ദേശമുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) | ഇക്കാര്യത്തിൽ തീരുമാനം കൈക്കൊണ്ടിട്ടില്ല |
| (ഡി) | കെട്ടിട നിർമ്മാണ ക്ഷേമനിധിക്ക് കീഴിലുള്ള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയെ ഈ ഇൻഷുറൻസുമായി ബന്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | സംസ്ഥാനത്ത് ജോലി ചെയ്യുന്ന മുഴുവൻ ഇതരസംസ്ഥാന തൊഴിലാളികളേയും ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ